**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1578** **01-02-2024 - ൽ മറുപടിയ്ക്ക്**

**മാനന്തേരി, പഴശ്ശി സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ പ്രവൃത്തി പുരോഗതി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മട്ടന്നൂർ മണ്ഡലത്തിലെ മാനന്തേരി, പഴശ്ശി സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ പ്രവൃത്തി പുരോഗതി വ്യക്തമാക്കാമോ; | (എ) | 2022-23 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി മട്ടന്നൂർ മണ്ഡലത്തിലെ പഴശ്ശി വില്ലേജിന് സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി ഭരണാനുമതി നൽകിയിരുന്നുവെങ്കിലും പഴശ്ശി വില്ലേജ് ഓഫീസ് നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടം ഇൻസ്പെക്ഷൻ വിഭാഗം മുഖേന പരിശോധിച്ചതിൽ ടി വില്ലേജ് ഓഫീസ് കെട്ടിടം ജീർണ്ണാവസ്ഥയിൽ അല്ലാത്തതിനാൽ പൊളിച്ചുമാറ്റേണ്ടതില്ലെന്നും ടി വില്ലേജിനു പകരം ജീർണ്ണാവസ്ഥയിലുള്ള മറ്റൊരു വില്ലേജിന് പ്രസ്തുത ഭരണാനുമതി മാറ്റി അനുവദിക്കാവുന്നതാണെന്നുമുള്ള കണ്ണൂർ ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്തതിൻപ്രകാരം പഴശ്ശി വില്ലേജിന് നൽകിയ ഭരണാനുമതി മട്ടന്നൂർ മണ്ഡലത്തിലെ തന്നെ മാനന്തേരി വില്ലേജിന് മാറ്റി അനുവദിച്ചിട്ടുമുണ്ട്.<br><br>തുടർന്ന്, മാനന്തേരി സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിനെ നിർവ്വഹണ ഏജൻസിയായി നിശ്ചയിക്കുകയും കണ്ണൂർ ജില്ലാ കളക്ടറുടെ 21/09/2023-ലെ DCKNR/13407/2022-H2 നമ്പർ നടപടിക്രമം പ്രകാരം 50,00,000/- (അമ്പത് ലക്ഷം രൂപ മാത്രം) പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് നിക്ഷേപിച്ച് നൽകിയിട്ടുള്ളതും മാനന്തേരി സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശം പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | എ പിരിവിനുള്ള മറുപടി |

സെക്ഷൻ ഓഫീസർ